
# മറയന്റ റാന്തൽ

**പ്രധാനമന്ത്രിമാർക്കടക്കം ടെലിവിഷനോട് വെറുപ്പായിരുന്നു, ഇംഗ്ലണ്ടിൽ, ഈ അത്ഭുത പേടകത്തിന്റെ ആരംഭദശയിൽ. ഇന്നത്തെ സ്ഥിതിയോ?**

**കോന്നിയൂർ ആർ. നരേന്ദ്രനാഥ്**

റേഡിയോ പ്രാവർത്തികമായപ്പോൾ, സ്വാഭാവികമായ അടുത്ത പടി ടെലിവിഷനാണെന്ന് എല്ലാവർക്കുമറിയാമായിരുന്നു. അതിന് എത്രകാലമെടുക്കുമെന്നേ നിശ്ചയമില്ലാതിരുന്നുള്ളൂ. റേഡിയോ പരിപാടികളുടെ പ്രക്ഷേപണം ഇംഗ്ലണ്ടിൽ ആരംഭിച്ചത് 1920ൽ ആണെന്നും ടെലിവിഷന്റേത് 1936ൽ ആണെന്നുമത്രേ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ ജ്യേഷ്ഠാനുജന്മാർ തമ്മിൽ പതിനാറു വർഷത്തെ പ്രായവ്യത്യാസമുണ്ട്! ആദ്യം പൊതുജനങ്ങളുടെ സന്നിധിയിലെത്തിയപ്പോൾ രണ്ടും മായാജാലപ്പെട്ടികളായിട്ടാണ് സ്വീകരിക്കപ്പെട്ടത്. ഇന്ന് ആ മായാജാലപരിവേഷം ഏറെക്കുറെ മാറിയിരിക്കുന്നു.

സ്ഥിരമായ ടെലിവിഷൻ സർവീസ് ആരംഭിക്കുന്നതിന് ആറുവർഷം മുമ്പ്, ടെലിവിഷന്റെ ഉപജ്ഞാതാക്കളിലൊരാളായ ബേർഡ്, (John Logie Baird: 1888-1946) ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന റാംസെ മക്ഡൊനാൾഡിന്റെ ഔദ്യോഗിക വസതിയിൽ, ടെലിവിഷന്റെ ഒരു സ്വീകരണപ്പെട്ടി കൊണ്ടുവെച്ചു. സ്കോട്ടുലണ്ടുകാരനായ പ്രധാനമന്ത്രിയുടെ ദേശക്കാരൻ തന്നെയായിരുന്നു ബേർഡ്, അക്കാലത്ത് ചിത്രസംപ്രേഷണം സംബന്ധിച്ച പരീക്ഷണങ്ങൾ നടത്തിഏതാണ്ട് വിജയത്തിലെത്തിയിരുന്നു; കൂടുതൽ പരീക്ഷണങ്ങളിൽ ഏർപ്പെട്ടിരിക്കുകയുമായിരുന്നു. പരീക്ഷണാർഥമുള്ള ഒരു പെട്ടിയാണ് പ്രധാനമന്ത്രിയുടെ വീട്ടിൽ സ്ഥാപിച്ചതും. സൗകര്യം കിട്ടുമ്പോൾ അദ്ദേഹത്തിന് സെറ്റിൽ തെളിയുന്ന പരീക്ഷണപ്പടങ്ങൾ കാണാൻ അത് ഇടയാക്കുമെന്ന് ബേർഡ് പ്രതീക്ഷിച്ചു. അതിൽ പ്രധാനമന്ത്രിക്ക് കൗതുകവും താല്പര്യവും വന്നാൽ മേൽനടപടികൾക്ക് സൗകര്യമേറുമെന്നും ആശിച്ചു. മറ്റുചില പ്രധാനപ്പെട്ട വ്യക്തികൾക്കും ഇപ്രകാരം സെറ്റുകൾ സംഭാവന ചെയ്തിരുന്നു. അവർക്കെല്ലാം ടെലിവിഷന്റെ പൊതു സർവീസ് സമാരംഭിക്കുന്നതിനു മുമ്പുതന്നെ പരിപാടികൾ കണ്ടുതുടങ്ങാൻ ഇത് സൗകര്യമുണ്ടാക്കി!



*ജോൺറീത്ത് —ബിബിസിയുടെ ആദ്യത്തെ ഡയറക്ടർ ജനറൽ*

### അത്ഭുതങ്ങളുടെ അരങ്ങേറ്റം

മുറിയിൽ സ്ഥാപിച്ചിരുന്ന മായാ

ജാലപ്പെട്ടിയുടെ കൊച്ചു സ്ക്രീനിൽ 1930 മാർച്ചിൽ ഒരുദിവസം പ്രധാനമന്ത്രി കണ്ടത് പിരാണ്ടെലൊയുടെ നാടകവും ഗ്രേസിഫീൽഡിന്റെ പാട്ടുമാണ്. അവ രണ്ടും ബ്രിട്ടീഷ് പ്രധാനമന്ത്രിയെ കീഴടക്കിയെന്നു പറയാം. ''പെട്ടിയുടെ സ്ക്രീനിൽ തെളിഞ്ഞ ചിത്രങ്ങളും എന്റെ മുമ്പിൽ മഹാത്ഭുതമാണരങ്ങേറിയത്. ഈ ലോകം എത്രമാത്രം അജ്ഞാതമാണെന്നും അപരിചിതമാണെന്നും ഒരിക്കലും മറക്കാനനുവദിക്കാത്ത ഒരുപകരണമാണ് നിങ്ങൾ എന്റെ വസതിയിൽ വെച്ചിരിക്കുന്നത്''—എന്നാണ് പ്രധാനമന്ത്രി ആദ്യപ്രതികരണം ബേർഡിനെ അറിയിച്ചത്. ഈ സംഭവത്തിനുശേഷം അഞ്ചുവർഷം കഴിഞ്ഞപ്പോഴും പൊതുസേവന രൂപത്തിലുള്ള ടെലിവിഷൻ സംപ്രേഷണത്തിനുള്ള കുത്തകാനുമതി, അന്ന് ദേശീയ സർക്കാറിന്റെ തലവനായിത്തീർന്നിരുന്ന മക്ഡൊനാൾഡ്, ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കോർപ്പറേഷനു കൊടുത്തു. പരിപാടികളുടെ സമാരംഭം 1936 നവംബർ രണ്ടാം തീയതി സാധിച്ചു.

റേഡിയോവിന്റെ സമഗ്രമായ സ്വാധീനവലയത്തിൽ ജനങ്ങളമർന്നിരുന്ന കാലം. ടെലിവിഷനെ ആരും അത്ര കാര്യമാക്കിയില്ല. അന്ന് ഇംഗ്ലണ്ടിൽ ആകപ്പാടെയുണ്ടായിരുന്നത് കഷ്ടിച്ച് നാനൂറു സെറ്റുകളാണ്! പൊതുജനങ്ങളും രാഷ്ട്രീയക്കാരും എന്തിന് സംപ്രേഷണ കുത്തകാവകാശമുണ്ടായിരുന്ന ബിബിസി പോലും, കാര്യമായ എന്തെങ്കിലും സംഭവിച്ചതായി സംശയിച്ചതേയില്ല! ബിബിസിയുടെ ആദ്യത്തെ ഡയറക്ടർ ജനറൽ സർ. ജോൺ റീത്ത് (John Reith: 1889-1971), ടെലിവിഷനെ ഒരു ശല്യം—ന്യൂയിസൻസ്—ആയാണ് കണക്കാക്കിയത്! സിനിമ നാടകയരങ്ങ്, സംഗീതശാല എന്നിവിടങ്ങളിൽനിന്ന് കയറിവരുന്നപുതുവേഷങ്ങളുടെകൊട്ടകയാകാൻസാധ്യതയുള്ള ഒന്നിനെ, എങ്ങനെ ഗൗരവമായിട്ടെടുക്കാനൊക്കും? ഭാവഗാംഭീര്യമുള്ള വാക്കുകളുടെ വിന്യാസത്തിലൂടെ പ്രസരിക്കുന്ന ആശയങ്ങളവതരിപ്പിക്കുന്ന റേഡിയോയെവിടെ, ചലിക്കുന്ന കുറേ നിഴലുകളുടെ വായാടിത്തരങ്ങളെവിടെ! വാക്കുകളുടെ ശുദ്ധത വരുത്തുന്ന ഏകാഗ്രതയ്ക്ക് ഭംഗം വരുത്തുകയല്ലേ ഈ നിഴലുകളുടെ 'സേവനം'!—ഇതായിരുന്നു ഡയറക്ടർ ജനറലിന്റെ അഭിപ്രായങ്ങൾ. ടെലിവിഷൻ സംപ്രേഷണം സമാരംഭിച്ചശേഷം പതിനഞ്ചു സംവത്സരം കഴിഞ്ഞാണ് സ്വന്തം വീട്ടിൽ ഒരു ടെലിവിഷൻ സ്വീകരണപ്പെട്ടി അദ്ദേഹം അനുവദിച്ചത്!

ഏതാണ്ടിതേവിധമുള്ള അവഗണനയും അവജ്ഞയുമാണ് രാഷ്ട്രീയ നേതാക്കന്മാരും ആദ്യകാലത്ത് ടെലിവിഷനോട് പ്രദർശിപ്പിച്ചത്. 1936ൽ പരിപാടികൾ തുടങ്ങിയ ശേഷമുള്ള മൂന്നു കൊല്ലത്തിൽ ഒരേയൊരു തവണയാണ്, ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ പടം ടെലിവിഷനിൽ കണ്ടത്! അതായിരുന്നു ഈ പുതിയ മാധ്യമത്തിനു കല്പിച്ചിരുന്ന പ്രാധാന്യം!




ചർച്ചിലിന്റെ റേഡിയോ പ്രഭാഷണം—10, ഡൗണിങ് തെരുവിൽനിന്ന്

## ആദ്യത്തെ തത്സമയ സംപ്രേഷണം

1938 സപ്തംബർ. ഹിറ്റ്ലറുമായി സമാധാനസഖ്യം മ്യൂണിക്കിൽ വെച്ച് ഒപ്പിട്ടശേഷം, ബ്രിട്ടീഷ് പ്രധാനമന്ത്രി മടങ്ങിവരികയാണ്. സ്ഥലം ഹെസ്റ്റൺ വിമാനത്താവളം. സമയം രാത്രിയോടടുത്ത്. ചരിത്രപ്രധാനമായ ഈ സംഭവം നേരിട്ട് സംപ്രേഷണം ചെയ്യാൻ തയ്യാറായി യുവ സംവിധായകനും സംഘവും തയ്യാർ.

നേരം പുലരുന്നതേയുള്ളൂ. അതാ വിമാനം. കതകു തുറന്ന്, ചേംബർലൈൻ പടിയിറങ്ങി നേരെ നടന്നുവരുന്നു! വരവ് മൈക്കുപിടിച്ചുനിന്നിരുന്നആളുടെസമീപത്തേക്കാണ്. ക്യാമറ കാര്യക്ഷമമായി. ഒരു കടലാസുകഷ്ണം എടുത്ത് വീശിക്കാണിച്ചുകൊണ്ട് പ്രധാനമന്ത്രി മൊഴിഞ്ഞു—''നമ്മുടെ ജീവിതകാലത്ത് സമാധാനം.....!'' പറയാനുള്ളത് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, ചിത്രവും വാക്കുകളും സ്റ്റുഡിയോവിലേക്കും അവിടെനിന്ന് പ്രക്ഷേപണിയിലേക്കും പ്രവഹിച്ചു. ചരിത്രപ്രധാനമായ ഒരു മുഹൂർത്തത്തിന്റെ തത്സമയസംപ്രേഷണം ആദ്യമായി അങ്ങനെ വിജയകരമായി നടന്നു!

ഒരായുഷ്ക്കാലത്ത് സമാധാനമുറപ്പാക്കിയെന്ന് ആ സാധുമനുഷ്യൻ പ്രഖ്യാപിച്ചതിനു ശേഷം ഒരു വർഷം കഷ്ടിച്ച് കഴിഞ്ഞപ്പോൾ ലോകചരിത്രത്തിലെ ഏറ്റവും നാശകരമായ മഹായുദ്ധത്തിന്റെ ആരംഭം കുറിക്കുന്ന ആദ്യത്തെ വെടി പൊട്ടി! സമാധാനം മാത്രമല്ല അന്ന് മരണമടഞ്ഞത്; ഇംഗ്ലണ്ടിലെ ടെലിവിഷനും മരിച്ചു! 1939 സപ്തംബർ ഒന്നിന് ബിബിസിയുടെ ചുമതലക്കാർക്ക് പോസ്റ്റുമാസ്റ്റർ ജനറലിന്റെ ഉത്തരവ്—''സംപ്രേഷണം നിർത്തിവെക്കുക.''

അപ്പോൾ ഗ്രിട്ടോ ഗാർബോയെ (Greta Garbo) അനുകരിക്കാൻ ശ്രമിക്കുന്ന മിക്കിമൗസിന്റെ ഒരു കാർട്ടൂൺ* സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഒരു മുന്നറിയിപ്പും കൂടാതെ കൊച്ചുസ്ക്രീനിലെ പ്രകാശം പൊലിഞ്ഞു!

ഇംഗ്ലണ്ടിലെ ടെലിവിഷൻ നാടകത്തിന്റെ ആദ്യത്തെ അങ്കം അവസാനിച്ചു! സ്വീകരണപ്പെട്ടികളിലെ സ്ക്രീനിൽ ചിത്രങ്ങൾ തെളിയാൻ പിന്നെ ഏ

ഴുകൊല്ലം കഴിയേണ്ടിവന്നു!

ചാൻസലർ ഓഫ് എക്സ്ചെക്കറായിരുന്ന വിൻസ്റ്റൻ ചർച്ചിലും ബിബിസി തലവനായിരുന്ന റീത്തും തമ്മിൽ ശക്തിയായി ശീതസമരം നിലവിലിരുന്ന കാലം. യാഥാസ്ഥിതിക കക്ഷിയിലെ ഒരു റിബലായിരുന്നു ചർച്ചിൽ. കക്ഷിയുടെ ഔദ്യോഗിക നയങ്ങളോട് നീരസവും, നേതാവായിരുന്ന ചേംബർലൈനിന്റെ 'ചതഞ്ഞ' സമീപനങ്ങളോട് അവജ്ഞയും പുലർത്തിയിരുന്നതിനാൽ ബിബിസി പരിപാടികളിൽ നിന്ന് ചർച്ചിലിനെ തന്ത്രപൂർവം തഴഞ്ഞുവന്നിരുന്നു. അതിന്റെ പിന്നിലെ ഗൂഢനായകൻ റീത്തായിരുന്നുവെന്നതിൽ ചർച്ചിലിന് സംശയമുണ്ടായിരുന്നില്ല. അതുകൊണ്ട് പകരംവീട്ടാൻ അവസരംപാർത്ത് അദ്ദേഹം പതുങ്ങിക്കിടന്നു.

തന്റെ ജീവിതാഭിലാഷമായ മന്ത്രിപദം ചേംബർ ലൈൻ നൽകിയപ്പോൾ ബിബിസിയിൽ നിന്ന് സന്തോഷിച്ച് വിടവാങ്ങി, സർക്കാറിന്റെ വാർത്താവിതരണ വിഭാഗത്തിന്റെ ചുമതലക്കാരനായി, റീത്ത്! പക്ഷേ, റീത്ത്—ചർച്ചിൽ ശീതസമരം ശമിച്ചില്ല. 1940 മെയ് മാസത്തിൽ ചർച്ചിൽ പ്രധാനമന്ത്രിയായി അധികാരമേറ്റു. രണ്ടു ദിവസത്തിനുള്ളിൽ, അദ്ദേഹം റീത്തിനെ തരംതാഴ്ത്തി അപ്രധാനമായ പൊതുമരാമത്ത് വകുപ്പിലേക്ക് തട്ടി!

''പടികടന്ന് ഉള്ളിൽ നിൽക്കുന്ന ശത്രു വിനയാണ് വരുത്തുക, വമ്പനല്ലേ? അവിടെ കിടന്ന് കേമനാകട്ടെ!''—അതായിരുന്നു ചർച്ചിലിന്റെ കണക്കുകൂട്ടൽ.

## അകത്തള നാടകങ്ങൾ

ബിബിസിയുടെ ചുമതലയിൽ പ്രവർത്തിച്ചിരുന്ന ടെലിവിഷന്റെ ശൈലിയും നയവും, കാലാകാലങ്ങളിലെ അതിന്റെ അവസ്ഥയും അറിയാൻ ആർക്കും താല്പര്യമുണ്ടാകും. വലിയവരായി കണക്കാക്കിയിട്ടുള്ള രാഷ്ട്രീയ നേതാക്കന്മാരുടെ അല്പത്തരങ്ങളും അഹന്തയും അതിലേറെ തമ്മിലുള്ള കിടമത്സരങ്ങളും പ്രചാരണമാധ്യമങ്ങളുടെ പിൻബലത്തോടെ എന്നും ശ്രദ്ധേയരായി നിൽക്കാനുള്ള അമിതാവേശവും ചില്ലറയല്ല. മനുഷ്യസ്വഭാവത്തിന്റെ ഉള്ളറകളിലേക്ക് വെളിച്ചംവീശുന്നതിന് പലപ്പോഴും വെറും നിസ്സാരസംഭവങ്ങൾക്ക് സാധിക്കും. ഇത്തരം നിസ്സാരങ്ങളെങ്കിലും പ്രധാനപ്പെട്ട കാര്യങ്ങൾ അത്യന്തം ഹൃദ്യമായി അവതരിപ്പിച്ച് ചർച്ച ചെയ്തിട്ടുള്ള ഒരു പുസ്തകം മൈക്കൽ കോക്കറൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ബ്രിട്ടീഷ് പ്രധാനമന്ത്രിമാരുടെ ടെലിവിഷനോടുള്ള സമീപനം എങ്ങനെയായിരുന്നു? അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് എങ്ങനെ പ്രതികരിച്ചു? സമ്മർദതന്ത്രങ്ങളും മറ്റുമുപയോഗിച്ച് ബിബിസിയെ എത്രകണ്ട് കീഴടക്കാൻ ശ്രമിച്ചു? കുമ്പിടാൻ കല്പിക്കുമ്പോൾ ഇഴയാൻ തയ്യാറാവുന്ന നമ്മുടെ ഇലക്ട്രോണിക് മാധ്യമപ്രഭുക്കന്മാരെ കണ്ടും കേട്ടും മടുത്തിട്ടുള്ള നമുക്ക് ആണുങ്ങളെപ്പോലെ നിവർന്നുനിന്ന ചിലരെ അന്യനാട്ടിലാണെങ്കിലും കാണാനും കേൾക്കാനും അവസരമുണ്ടാകുന്നത് ആനന്ദകരമാണ്. അതുകൊണ്ട് ഈ പുസ്തകം നമുക്കും വളരെ പ്രസക്തിയുള്ളതുതന്നെ. വശ്യമായ ശൈലിയിൽ വസ്തുനിഷ്ഠമായും രസകരമായും വസ്തുതകൾ വിവരിച്ചിരിക്കുന്നു. ബിബിസിയും അധികാരം കൈയാളുന്ന ബ്രിട്ടീഷ് പ്രധാനമന്ത്രിമാരുമാണ് ഇതിലെ പ്രധാനപ്പെട്ട കഥാപാത്രങ്ങൾ. അധികാരമന്ദിരങ്ങളുടെ അകത്തളങ്ങളിൽ അരങ്ങേറാറുള്ള ഏകാങ്കങ്ങൾ മാത്രമല്ല, കിടമത്സരങ്ങൾ, കുന്നായ്മകൾ, കുതികാൽവെട്ടുകൾ, തുടങ്ങിയവയും കുഴിയിൽ വീഴുന്നവരുടെ വെപ്രാളങ്ങളും ഹാസ്യജനകാനുഭവങ്ങളും അനുഭവകഥകളും അനവധിയുണ്ടിതിൽ!

ബ്രിട്ടീഷ് പ്രധാനമന്ത്രിമാർ സർവാത്മനാ ടെലിവിഷൻ സ്വാഗതം ചെയ്തെന്നു വിചാരിക്കരുത്. രണ്ടാംലോക മഹായുദ്ധമാരംഭിച്ചപ്പോൾ ആദ്യം അടച്ചത് ആ അത്ഭുതപ്പെട്ടിയാണെന്ന് പറഞ്ഞല്ലോ. പിന്നെ അതു തുറന്നത് 1946 ജൂൺ ഏഴാം തീയതിയാണ്. ക്ലെമന്റ് ആറ്റ്ലി (Clement Richard Attlee: 1883-1967) ആയിരുന്നു അന്ന് പ്രധാനമന്ത്രി. ചർച്ചിൽ പ്രതിപക്ഷ നേതാവും. ബിബിസി ഡയറക്ടർ ജനറലായിരുന്നത് വില്യം ഹേലിയും (Sir William Haley)* മൂന്നുപേരും നിന്നിരുന്നത് മൂന്നു മൂലകളിലാണ്. പക്ഷേ, ആ ത്രിമൂർത്തികൾ ഒരു കാര്യത്തിൽ ഒന്നിച്ചു! ''ടെലിവിഷൻ എന്ന വിദ്യ കണ്ടുപിടിക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!''—ആ അഭിപ്രായത്തിൽ!



ടെലിവിഷൻ പരിപാടി ഗൗരവംതന്നെ—മാർഗരറ്റ് താച്ചർ

ടിവിയെക്കുറിച്ച് മന്ത്രി ആറ്റ്ലിയുടെ ഭാഷ്യം: ''അത് മായന്റെ റാന്തലാണ്.''

യാഥാസ്ഥിതിക കക്ഷിക്കാരൻ ചർച്ചിൽ—''അവിടെ (ബിബിസി ടെലിവിഷൻ) സോഷ്യലിസ്റ്റുകാരുടെ തേൻകൂടാണ്. ഒരുപക്ഷേ, അവരൊക്കെ കള്ളത്തൊപ്പിവെച്ച കമ്യൂണിസ്റ്റുകാരുമാകാം.''

ഒരവസരത്തിൽ തന്റെ മനസ്സാക്ഷിസൂക്ഷിപ്പുകാരനായിരുന്ന ഡോ. മോറാനോട് (Dr. Lord Moran) ചർച്ചിൽ രഹസ്യമായി പറഞ്ഞു. ''കമ്യൂണിസ്റ്റനുകൂലികൾ നുഴഞ്ഞുകയറി അവിടെ കൂടുകെട്ടിയിട്ടുണ്ട്.'' ''എന്റെ ദൃഢമായ വിശ്വാസമാണിത്''. രണ്ടാം തവണ പ്രധാനമന്ത്രിയായി ചുമതലയേറ്റപ്പോൾ, ബി.ബി.സി.യിൽ എത്രമാത്രം ഇടതുപക്ഷച്ചായ്‌വുണ്ടെന്ന് തിട്ടപ്പെടുത്താൻ ഒരു വിദഗ്ധനെ അദ്ദേഹം നിയോഗിക്കുകയുണ്ടായി. ജോൺ പ്രൊഫ്യൂമോ (John Profumo) ആയിരുന്നു ആ വിദഗ്ധൻ. അയാൾ പില്ക്കാലത്ത് മാക്മില്ലന്റെ മന്ത്രിസഭയിൽ ചേക്കേറി പ്രതിരോധവകുപ്പിലെത്തി, ഇംഗ്ലണ്ടിലുണ്ടായ കുപ്രസിദ്ധമായ ലൈംഗികാപവാദത്തിലെ കഥാനായകനായി.

ഡയറക്ടർ ജനറൽ ഹേലിയുടെ നിലപാടും കൗതുകമുളവാക്കുന്നതാണ്. ''വാർത്തയിൽ പടങ്ങളൊന്നുമേ വേണ്ട. എന്തുവിലകൊടുത്തും അവയൊഴിവാക്കുക. വാർത്തയുടെ മൗലികധർമത്തെ അവ താഴ്ത്തിക്കെട്ടും. വാർത്തയുടെ ഉള്ളടക്കത്തിലല്ല ചിത്രങ്ങളിലാകും ആളുകളുടെ ശ്രദ്ധ. വാർത്തയെ സംബന്ധിച്ച് നാം വളർത്തിയെടുത്ത എല്ലാ സദ്സങ്കല്പങ്ങൾക്കുമെതിരാണ് ടെലിവിഷൻ.''

1953—ൽ ബിബിസിയുടെ അധ്യക്ഷനായിരുന്ന സൈമൺ പ്രഭുവിന്റെ പക്ഷം, ചിത്രങ്ങൾ ചേർത്തുള്ള വാർത്താതരംഗിണി (News Reel) ടെലിവിഷനിൽ അപ്രായോഗികമാണെന്നത്രേ!

നിർമമതയെക്കാൾ മനഃപൂർവമുള്ള ഒഴിഞ്ഞുമാറലായിരുന്നു, വിവാദവിധേയങ്ങളായ രാഷ്ട്രീയ കാര്യങ്ങളിൽ ബിബിസി അനുവർത്തിച്ച നിലപാട്. കോമൺസ് സഭയിൽ ചർച്ചചെയ്യാതിരിക്കുന്ന ഒരു വിഷയവും സഭ സമ്മേളിക്കുന്നതിന് മുമ്പ് മിണ്ടാൻ പാടില്ലെന്നായിരുന്നു നിർദേശം! തിര


* Michey's Gala Premire—എന്നായിരുന്നു പേര്

* 1941–52 വരെ ഡി.ജി.യായിരുന്നു. അത് വിട്ടത് Times—ന്റെ പത്രാധിപരാകാൻ

ഞ്ഞെടുപ്പു സംബന്ധിച്ച ഏതു കാര്യവും വാർത്തയും ഫലപ്രഖ്യാപനത്തിനുശേഷമേ പറയാൻ അനുവാദമുണ്ടായിരുന്നുള്ളു. ''പതിന്നാലു ദിവസനയം'' എന്നാണീ നിലപാടിനെ പരാമർശിച്ചിരിക്കുന്നത്*.

## ടെലിവിഷന് ഒരു കിരീടം

രണ്ടാം എലിസബത്തു റാണിയുടെ കിരീടധാരണാഘോഷച്ചടങ്ങുകൾ ടെലിവിഷനിൽ കാണിക്കാതിരിക്കാൻ പ്രധാനമന്ത്രി വിൻസ്റ്റൻ ചർച്ചിൽ മനഃപൂർവം ശ്രമിച്ചു. ആഘോഷച്ചടങ്ങുകളുടെ സൂത്രധാരൻ ഫോക്പ്രഭു




*മറ്റൊരു കാർട്ടൂൺ—ബിബിസിയെ പഴിചാരുന്ന രാഷ്ട്രീയക്കാരെ കളിയാക്കുന്നു*

(Duke of Norfolk) മാത്രമല്ല കാൻറർബറി ബിഷപ്പും സംപ്രേഷണം ഒരിക്കലും പാടില്ല എന്ന് ശക്തിയായി വാദിച്ചു. ടെലിവിഷൻെറ ഉപകരണങ്ങളും അവ കൈകാര്യം ചെയ്യുന്നവരും രംഗമാകെ അലങ്കോലപ്പെടുത്തുമെന്ന് അവർ അഭിപ്രായപ്പെട്ടു. ടെലിവിഷൻ ക്യാമറയുടെസാന്നിധ്യം യുവതിയായ രാജകുമാരിയുടെ മനഃക്ലേശം മൂർച്ഛിപ്പിക്കുമെന്നും അവർ പറഞ്ഞു. ആ ചരിത്രസംഭവത്തിൻെറ ആദ്ധ്യത്വവും ഗൗരവവും ടെലിവിഷൻ ചോർത്തി നശിപ്പിക്കും എന്ന് ആഘോഷക്കമ്മിറ്റി മൊത്തമായി, വിശ്വസിച്ചു. പവിത്രമായ പള്ളിയിൽ നടക്കുന്ന വിശുദ്ധ കർമത്തിന് ടെലിവിഷൻ അനുവദിക്കുകയില്ലെന്നായിരുന്നു ബിഷപ്പിൻെറ നിലപാട്. ഇതൊക്കെ ചർച്ചിലിൻെറ അധ്യക്ഷതയിൽ നടന്ന മന്ത്രിസഭായോഗവും അംഗീകരിച്ചു. കാര്യം തിരുമനസ്സുണർത്തിക്കാൻ റാണിയുടെ സന്നിധിയിൽ ചർച്ചിൽ മുഖം കാണിക്കാനെത്തി. മൃദുവായ ഭാഷയിൽ ഉണർത്തിച്ചപ്പോൾ റാണി പൊട്ടിത്തെറിച്ചു. ''ചവറ്! കിരീടധാരണച്ചടങ്ങുകൾ തീർച്ചയായും നേരിട്ട് സംപ്രേഷണം ചെയ്യണം. ഈ ചടങ്ങും അതിനുവേണ്ടിവന്ന ശ്രമവും ചെലവുമൊക്കെ എല്ലായിടത്തെയും ജനങ്ങളറിയണം! കാണണം!''

പ്രധാനമന്ത്രി വിൻസ്റ്റൻ ചർച്ചിൽ മറിച്ചൊന്നുമുരിയാടിയില്ല. മടങ്ങുമ്പോൾ അദ്ദേഹം ആത്മഗതം ചെയ്തു. ''അങ്ങനെയെങ്കിൽ അങ്ങനെ! മന്ത്രിസഭയല്ലല്ലോ, റാണിയല്ലേ കിരീടധാരണം നടത്തുന്നത്! അവർക്ക് അതാണ് വേണ്ടതെങ്കിൽ അങ്ങനെയാകട്ടെ!''

മന്ത്രിസഭ വീണ്ടും സമ്മേളിച്ചു.

ഒരു വ്യവസ്ഥയ്ക്ക് വിധേയമായി തത്സമയ സംപ്രേഷണം ചെയ്യാവുന്നതാണെന്ന് തീരുമാനവും കൈക്കൊണ്ടു. തീരുമാനം ഇതായിരുന്നു—''റാണിയുടെ സന്നിധിയിൽ നിന്ന് കുറഞ്ഞത് മുപ്പതടിയെങ്കിലും ദൂരെമാത്രമേ, ക്യാമറകൾ വെക്കാവൂ!''

കിരീടധാരണാഘോഷച്ചടങ്ങുകളുടെ തത്സമയ സംപ്രേഷണം അഭൂതപൂർവമുള്ള വിജയമായി! പരിപാടികൾ സംപ്രേഷണം ചെയ്യുമെന്ന വാർത്ത പരന്നപ്പോൾ ടെലിവിഷൻ സെറ്റുകളുടെ വില്പന മറ്റൊരിക്കലുമുണ്ടായിട്ടില്ലാത്ത മട്ടിൽ വർധിച്ചു. ഇരുപതു ദശലക്ഷമാളുകളെങ്കിലും അത് വീക്ഷിച്ചിരിക്കുമെന്നാണ് കണക്കാക്കപ്പെട്ടത്. അതായത് അന്ന് റേഡിയോവിൻെറ മുമ്പിലെത്തിയവരുടെ ഇരട്ടി! ആ തത്സമയ സംപ്രേഷണത്തോടുകൂടി ടെലിവിഷനാർജിച്ച സൽപ്പേര്, ചർച്ചിലിൻെറയും അദ്ദേഹത്തെപ്പോലെ ചിന്തിച്ചിരുന്നവരുടെയും മനം മാറ്റി. ഉത്സവമയമായ ഏതു സംഭവവും ടെലിവിഷന് വിജയകരമായി 'കവർ' ചെയ്യാമെന്ന് ഉറപ്പായി. മുമ്പ് ഭാവന ചെയ്യാൻപോലും കഴിയാത്ത ഒരു കാര്യവും നടന്നു—പാർലമെൻറിൽ സംഗതമായ വേളകളിൽ പ്രത്യേകാനുവാദപ്രകാരം പ്രവേശനമനുവദിക്കാവുന്നതാണെന്നായിരുന്നു അത്. 1954ൽ ചർച്ചിലിൻെറ തന്നെ എൺപതാം പിറന്നാൾ വിപുലമായി ആഘോഷിക്കാൻ ജനങ്ങളും സർക്കാരും സന്തോഷത്തോടെ സന്നദ്ധമായി. അതിൻെറ ഭാഗമായി വെസ്റ്റ് മിനിസ്റ്റർ ഹാളിൽ ഏർപ്പാടു ചെയ്ത അനുമോദന ചടങ്ങുകൾ തത്സമയ സംപ്രേഷണത്തിലൂടെ ജനലക്ഷങ്ങൾക്ക് എത്തിക്കുകയും ചെയ്തു.

അതുകൊണ്ടുമാത്രം ആ സംഭവം അവസാനിച്ചില്ല. ലോകത്തിലെ വിവിധ ദേശങ്ങളിലുള്ള വിൻസ്റ്റൻ ചർച്ചിലിൻെറ ആരാധകരും സുഹൃത്തുക്കളും സഹപ്രവർത്തകരും പുറപ്പെടുവിച്ച ആത്മാർഥത നിറഞ്ഞ പിറന്നാളാശംസകളും അഭിനന്ദനങ്ങളും ഉൾക്കൊള്ളിച്ച്, വർണശബളവും വൈവിധ്യവുമുള്ള ഹൃദയസ്പർശിയായ ഒരു വിശേഷാൽ ഫീച്ചർ പരിപാടി ബിബിസി മുൻകൂട്ടി തയ്യാറാക്കിയിരുന്നു. സംപ്രേഷണം ചെയ്യുമ്പോൾ ചർച്ചിൽ അത് കാണണമെന്ന് ബിബിസിക്ക് വളരെ താല്പര്യമുണ്ടായി. അതിന് അദ്ദേഹത്തിൻെറ സമ്മതം സമ്പാദിക്കാൻ അദ്ദേഹത്തിൻെറ സഹധർമിണിയുടെ സ്വാധീനംവരെ അവരുപയോഗപ്പെടുത്തി. ഫീച്ചർ പൂർത്തിയാകുമ്പോൾ, അതിനെപ്പറ്റി തനിക്കുള്ള പ്രതികരണം നേരിട്ട് പ്രദർശിപ്പിക്കുകയും വേണം. അത് അദ്ദേഹത്തിൻെറ സന്നിധിയിൽനിന്നു തത്സമയം സംപ്രേഷണം ചെയ്യുന്നതിന്ന് എല്ലാ ഏർപ്പാടുകളും പൂർത്തിയാക്കിയിരുന്നു. ആ ജന്മദിന പ്രശംസാപരിപാടിയുടെ പരിസമാപ്തി നേരിട്ട് സംപ്രേഷണം ചെയ്യുന്ന, ചർച്ചിലിൻെറ പ്രതികരണമായിരിക്കണമെന്നാണ് അവർ തീരുമാനിച്ചത്. ആദ്യം വളരെ മടിച്ചെങ്കിലും ആ വലിയ മനുഷ്യൻ ഒടുവിൽ സമ്മതം മൂളി.

ചർച്ചിലിന് പരിപാടി സുഖപ്രദമായി വീക്ഷിക്കുന്നതിന്ന് എല്ലാ ഏർപ്പാടുകളും അതിസൂക്ഷ്മമായും കാര്യക്ഷമമായും ബിബിസി ചെയ്തു. അതോടൊപ്പം തത്സമയ സംപ്രേഷണത്തിനുള്ള സജ്ജീകരണങ്ങളും പൂർത്തിയായി.

പരിപാടി തുടങ്ങുകയായി. ടെലിവിഷൻ സെറ്റിൻെറ മുന്നിൽ, കൈയുള്ള ഒരു കസേരയിലമർന്ന്, കൊച്ചു സ്ക്രീനിൽ അനുക്രമമായി തെളിയാൻ തുടങ്ങിയ ചിത്രപരമ്പരകളും അതോടൊപ്പമുണ്ടായിരുന്ന വികാര തരളിതമായ പ്രശംസാപരമ്പരകളും വീക്ഷിച്ച്, വെണ്ണക്കൽ പ്രതിമ പോലെ ചർച്ചിൽ ഇരുന്നു! നിമിഷങ്ങൾ പൊയ്ക്കൊണ്ടിരുന്നു. അദ്ദേഹത്തിന് അനക്കമില്ല. മിണ്ടാട്ടമില്ല. ശ്വാസോച്ഛ്വാസമുണ്ടോ എന്നുപോലും തോന്നിയില്ല. ഇമവെട്ടാതെയുള്ള നോട്ടം സ്ക്രീനിൽ തറച്ചിരിക്കുന്നു. ഏകാഗ്രമായ ഇരിപ്പ്.

ഇരുപത്തിരണ്ട് നിമിഷങ്ങൾ കഴിഞ്ഞിരിക്കുന്നു!

ചർച്ചിലിൽ ചലനമേതുമില്ല!

പരിപാടിയുടെ സംവിധായകന്

* BBC Hand book 1956-p. 16.

സംഭ്രമമായി. വല്ലതും സംഭവിച്ചോ? കുഴപ്പമായോ?

അതാ പരിപാടി സമാപിക്കാറായിരിക്കുന്നു....

സംഭ്രമവും സന്ദിഗ്ധതയും നിറഞ്ഞ നിമിഷങ്ങൾ....

സംവിധായകൻെറ ആംഗ്യഭാഷ അദ്ദേഹം ശ്രദ്ധിച്ചിരിക്കുന്നു. മനസ്സിലാക്കിയ മട്ടിൽ, ആ വെണ്ണക്കൽ വിഗ്രഹം ജീവചൈതന്യ ലക്ഷണം കാണിക്കുന്ന മട്ടിൽ സ്ക്രീനിൽ നിന്ന് നോട്ടം മാറ്റിയിരിക്കുന്നു....ക്യാമറനോക്കി, അദ്ദേഹം സംസാരിച്ചു...

വികാരവിവശനായി, മറ്റുള്ളവരുടെ ആശംസകളും പ്രശംസകളുമനുഭവിച്ച് തരളിതചിത്തനായി ഗദ്ഗദ കണ്ഠനായി ചർച്ചിൽ കൃതജ്ഞതാ നിർഭരമായ വാക്കുകൾ പറയാൻ തുടങ്ങി.... അപ്പോഴാണ് പരിപാടിയുടെ സംവിധായകന് ശ്വാസം വീണത്....


## നിലനില്പാനുള്ള വിദ്യ

ചർച്ചിലിൻെറ പിൻതുടർച്ചക്കാരനായിരുന്ന ആന്തണി ഈഡൻ (Anthony Edan: 1897-1977) നേരത്തെതന്നെ ഒരു ടെലിവിഷൻ താരമായി തീർന്നിരുന്നു. പക്ഷേ, ബിബിസി അദ്ദേഹത്തിൻെറ കൊക്കിലൊതുങ്ങുകയില്ലെന്ന വസ്തുത വൈകി, വളരെ കൈയ്യോടെ പിന്നീട് അറിയുകയുണ്ടായി.

ഈഡൻെറ പതനത്തോടുകൂടി അധികാരത്തിൽ വന്ന ഹാരോൾഡ് മാക്മില്ലൻ (Harold Macmillan) ഏതാണ്ട് പൂർണമായി തകർന്നിരുന്ന യാഥാസ്ഥിതിക കക്ഷിയുടെ നേതാവായിരുന്നല്ലോ. ടെലിവിഷനുമായുള്ള അദ്ദേഹത്തിൻെറ വേഴ്ച, തികഞ്ഞ ഭയത്തിലാണ് തുടങ്ങിയത്. ''ഇരുപതാം നൂറ്റാണ്ടിലെ പ്രാണപീഡന മുറി'' (Torture Chamber) എന്നാണ് ടെലിവിഷൻ സ്റ്റുഡിയോവിനെ അദ്ദേഹം വിലയിരുത്തിയിട്ടുള്ളത്. ടെലിവിഷൻ താരമായുയർന്ന മുൻ പ്രധാനമന്ത്രിയുടെ തിക്താനുഭവങ്ങളാണ് മാക്മില്ലനെ സ്വാധീനിച്ചതെന്ന് പറയാം. ആദ്യം ടെലിവിഷൻ ക്യാമറയെ വെറുത്ത അദ്ദേഹം ക്രമേണ അതുമായി രഞ്ജിപ്പിലെത്തി. പിന്നെ വൈഭവത്തോടെ ഉപയോഗപ്പെടുത്താനും തുടങ്ങി. ''പുതിയ വിദ്യകൾ പഠിക്കാതെ പറ്റുമോ നിലനില്ക്കണമെങ്കിൽ?'' അതാണ് അദ്ദേഹത്തിൻെറ പ്രതികരണം. ടെലിവിഷൻ ശക്തമായ മാധ്യമമാണെന്നും അതിൻെറ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ രാഷ്ട്രീയമായി വലിയ നേട്ടങ്ങളുണ്ടാക്കാമെന്നുമുള്ള ആത്മവിശ്വാസം അല്പം അമാന്തിച്ചാണെങ്കിലും അദ്ദേഹത്തിനുണ്ടായി. അനുവാചകഹൃദയങ്ങളിൽ, ദൃശ്യങ്ങളുടെ പിൻബലത്തോടെ ആശയമുദ്രകൾ ആഴത്തിൽ പതിക്കുന്നതിന്ന് ടെലിവിഷന് കഴിയുമെന്നും കണ്ടു.

പ്രൊഫ്യൂമോയുടെ 'ധീര സഹസിക കൃത്യങ്ങൾ' ടെലിവിഷൻ പൂർണമായി മുതലെടുത്തുകഴിഞ്ഞ കാലത്ത്, ആ അപവാദത്തിൻെറ നിഴലിലൂടെയാണ് ഡഗ്ലസ് ഹോം പ്രധാനമന്ത്രിപദം പൂകിയത്. അതിനാൽ കൊച്ചുസ്ക്രീനിനെ കുറച്ചൊന്നുമല്ല അദ്ദേഹം ഭയക്കുന്നത്!

ബിബിസിയുടെ നിഷ്പക്ഷതഭാവം വെറും പുറംപൂച്ചാണെന്നും ആ സ്ഥാപനം പ്രതിപക്ഷത്തിൻെറ സങ്കേതമാണെന്നുമായിരുന്നു മറ്റൊരു പ്രധാനമന്ത്രി ഹാരോൾഡ് വിത്സൻെറ (Sir Harold Wilson) വിശ്വാസം. അതുകൊണ്ട് ഒ




*ബിബിസിയെ കളിയാക്കുന്ന ഒരു കാർട്ടൂൺ*

ന്നേകാൽ കൊല്ലത്തോളം അവിടം അദ്ദേഹം ബഹിഷ്കരിക്കുകയുണ്ടായി! 1970—ൽ പ്രധാനമന്ത്രിയായ എഡ്വേർഡ് ഹീത്ത് (Edward Heath) ടെലിവിഷനിൽ പ്രത്യക്ഷപ്പെടാതിരിക്കാൻ കഴിയുന്നത്ര ശ്രമിച്ചയാളാണ്! ''ബിബിസി കുത്തഴിഞ്ഞ സ്ഥാപനമാണ്; അവർ എന്നും ഗർവിഷ്ഠരായേ കാര്യങ്ങൾ നടത്തിയിട്ടുള്ളൂ''—അതായിരുന്നു ഹീത്തിൻെറ അഭിപ്രായം. ബി.ബി.സി.യിൽ അദ്ദേഹത്തിൻെറ സമ്മർദതന്ത്രങ്ങളൊന്നും ഫലിച്ചതുമില്ല.

ടിവി പരിപാടികളിലെ ശ്രദ്ധേയനായ വ്യക്തിയായിത്തീരാനും വിലസാനും ജെയിംസ് കല്ലഘാന് (James Callaghan) വലിയ വിരുതും വിശ്വാസവുമുണ്ടായിരുന്നു. അമിതമായ ആത്മവിശ്വാസത്തോടെ തൊഴിലാളികക്ഷിയുടെ നാലാമത്തെ പ്രധാനമന്ത്രിയുമായി. മകളും ജാമാതാവും ടെലിവിഷൻ ജീവിതവൃത്തിയാക്കിയവരാണ്. ഇത്രയൊക്കെയുണ്ടായിരുന്നിട്ടും അദ്ദേഹത്തിൻെറ പതനത്തിൽ ടെലിവിഷനു നിസ്സാരമല്ലാത്ത പങ്കുണ്ടായത് വിരോധാഭാസംതന്നെ. ടെലിവിഷൻ പരിപാടികളിലെ നിരന്തരമായ പ്രതികൂലവിലയിരുത്തലുകൾ അദ്ദേഹത്തെ ന്യായമായും ചൊടിപ്പിച്ചു. ബിബിസിയുമായും ഇൻഡിപെൻഡൻറ് ടെലിവിഷനുമായും സംഘർഷപൂരിതമായ ബന്ധത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്. 1979—ലെ അദ്ദേഹത്തിൻെറ തെരഞ്ഞെടുപ്പുപരാജയം, ആ സ്ഥാപനങ്ങളെ ഏതുവിധേനയും തളയ്ക്കാമെന്ന പ്രതീക്ഷയും തകർത്തു. ഏതാണ്ട് അര നൂറ്റാണ്ടിനു മുമ്പ് റാംസെ മാക്ഡൊനാൾഡിനുശേഷം, അവിശ്വാസവോട്ടിനിരയായ തൊഴിലാളികക്ഷി സർക്കാരിൻെറ തലവനായിരുന്നല്ലോ കല്ലഘാൻ. വെറും ഒറ്റവോട്ടിൻെറ ഭൂരിപക്ഷത്തോടെയാണ് പ്രമേയം പാസ്സായത്!

## താച്ചർ—ബിബിസി സമരം

ടെലിവിഷനിൽ പരിപാടിക്കു പോകുമ്പോൾ, ശരിയായ തയ്യാറെടുപ്പ് നിർബന്ധിതമാക്കിയ പ്രധാനമന്ത്രിയാണ് താച്ചർ (Hilda Margarat Thatcher). പ്രേക്ഷകർക്ക് സ്മരണീയവും വിശ്വസനീയവുമായ വിധത്തിൽ വൈകാരികബന്ധം വരുത്തി, താൻ ലക്ഷ്യംവെച്ച കാര്യം സാധിക്കത്തക്കവിധം ടെലിവിഷൻ സ്ക്രീനിൽ പ്രത്യക്ഷപ്പെടാൻ പ്രത്യേകം പരിശീലിക്കാൻപോലും സമയം കണ്ടെത്തി. അതിന് വിദഗ്ധരുടെ സഹായവും അവർ ലോഭമില്ലാതെ, പ്രയാസമില്ലാതെ, സ്വീകരിച്ചുപോന്നു. ഔദ്യോഗികവസതിയിൽ സ്വകാര്യവീക്ഷണത്തിനു മാത്രമായി സ്ഥാപിച്ച 'ക്ലോസ്ഡ് സർക്യൂട്ട്' ടെലിവിഷനിലൂടെ പറഞ്ഞുപരിശീലിച്ചശേഷമാണ്, താച്ചർ ബിബിസിയുടേയും മറ്റും പരിപാടികളിൽ ഭാഗഭാക്കായിട്ടുള്ളത്. ടെലിവിഷൻ സ്റ്റുഡിയോവിൽ ചെന്നാൽ എല്ലാ ഏർപ്പാടുകളും തൃപ്തികരവും സാങ്കേതികമായി പൂർണവുമാണെന്ന് ഉറപ്പാക്കാൻ, പ്രത്യേ

# ഭൂമിയുടെ കൈയൊപ്പ്

കിളിമാനൂർ മധു




ഒന്ന്

**അമ്മ**

നിന്നാർദ്രമാമുൾവിളി യെന്നെവരിയുമ്പോൾ
എല്ലാ വഴികളും ചെവിയോർത്തിരുന്നു നിൻ
നല്ല വാക്കോർത്തു തളിർക്കും വഴിമരച്ചില്ലയിൽ
വന്നിരുന്നേതോ കിളി രാകിവെക്കുന്നു വാക്കുകൾ.
കാമിനി വീണുമരിച്ച താഴ്വാരത്തിൽ നോക്കി
കാലമിരുന്ന കുന്നിൻപുറം ദൂരെ, നിശാമുഖ
ജ്വാലയിൽ കത്തിച്ചു നീയെരിക്കും വഴിവിള
ക്കിൻ നിഴൽ കൂട്ടിനുണ്ടെങ്കിലും നീയനാഥൻ.
വിറകൊണ്ടുപണ്ടു, കൊടുങ്കാട്ടിൽ വഴിതെറ്റി
നിന്ന നാം കേട്ടതാമീണം, തിരിച്ചറിയു
മെന്നോർത്തു തേടിയനാളുകൾക്കുള്ളി—
ലൊരു നാദം ത്രസിച്ചതു നെഞ്ചേടുക്കുന്നു നീ.

രണ്ട്

അനാദികാലത്തിൻ ദുരന്തവും നീറ്റി
യുറങ്ങാതിരിക്കുമെന്നമ്മയുടെ, ഭൂമിയുടെ
ദുരിതവിലാപവിശ്രാന്തിയുടെ ഗദ്ഗദം
വ്രണിതമാകുന്നാഴ്ന്ന മുറിവുകളിൽ
ലാവ തിളയ്ക്കും മനസ്സിൻെറ തീരത്തു മമതയുടെ
പർണാശ്രമത്തിൽ രുദ്രാക്ഷനിമിഷമായ്.
കാലമെണ്ണിത്തീർന്നിരിക്കുന്നു പ്രേരണ
ഭൂമിയെനിക്കിഷ്ടദാനമായ് തന്നതും
എല്ലാ വ്യഥകളുമുരുകിവീഴുമൊരു കടലിൻെറ
പുല്ലാങ്കുഴലെനിക്കൊസ്യത്തു തന്നതും
ആകാശനീലവിലയങ്ങളോടൊത്തു
ആഴക്കടലിൻ പ്രണയമത്സ്യങ്ങളായ് വന്നു
മുറിവു കൊത്തുമ്പോൾ, കാലമുണക്കുമെ—
ന്നിപ്പോഴുമെന്നോടു മെല്ലെപ്പറയുന്നു ഭൂമി.
മാറോടണച്ചു മനസ്സിൽ നിന്നെൻെറ ഞരമ്പി
ലേക്കേതോ മഹാമന്ത്രമൂതുന്നു, കൈകളാ
ലെൻെറ ശിരസ്സുതലോടുന്നു, ഞാനമ്മയുടെ
വ്രണിതസ്വപ്നത്തിൻെറ പൂക്കാലമാകുന്നു.

മൂന്ന്

പിളരുന്ന ഭൂമിയുടെ നെഞ്ചിൽനിന്നാരുടെ
നിലവിളി പിണരുകളായി ജ്വലിക്കുന്നു
വഴിയൊരു വിലാപമായ് പായുന്നു, നീളുന്ന
വെള്ളിടിക്കങ്ങേത്തലയ്ക്കലെൻ വീടിൻെറ

---

കിച്ച് നിഷ്കർഷിച്ചു. ഇരിപ്പിടം, അതിൻെറ പശ്ചാത്തലം, അവിടത്തെ നിറവ്യത്യാസം, മേശ, അതിന്മേലുള്ള പുഷ്പവിധാനം തുടങ്ങിയവയിൽപോലും ശ്രദ്ധിക്കാൻ വിദഗ്ധരെ നിയോഗിച്ചിട്ടുണ്ട്. സന്ദർഭങ്ങൾക്കു യോജിച്ച ആടയാഭരണങ്ങളണിയാനും കേശശൈലിയിൽപോലും നിഷ്കർഷിക്കാനും അവർ മറന്നിട്ടില്ല. ഓരോ സംപ്രേഷണവും കഴിയുമ്പോൾ പൊതുജനപ്രതികരണം വിലയിരുത്താൻ രഹസ്യമായിട്ടാണെങ്കിലും 'അഭിപ്രായവോട്ടെടുപ്പും' നടത്തിവന്നു!

ഇതൊക്കെയായിരുന്നു യാഥാർഥ്യങ്ങളെങ്കിലും ക്രമേണ ബി.ബി.സി.യുമായി സംഘർഷം മാത്രമല്ല ശക്തിയായ സംഘട്ടനത്തിനും അവർക്കിടവന്നു. അവരുടെ പ്രത്യേകം ശുപാർശകൊണ്ട്, നിയമിതരായ കോർപ്പറേഷനിലെ അധ്യക്ഷന്മാർ മാത്രമല്ല, അവർ നിയമിച്ച പീകോക് കമ്മീഷനും താച്ചറെ അനുകൂലിക്കാനോ അഭിപ്രായങ്ങൾ പിന്താങ്ങാനോ കൂട്ടാക്കാതിരുന്നതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. ഇതൊക്കെ അവരെ കഠിനമായി ചൊടിപ്പിച്ചു. താൻ എന്തിനെല്ലാം നിലകൊണ്ടിരുന്നോ, അതിനെയെല്ലാം ബിബിസി മനഃപൂർവം എതിർത്തിരുന്നില്ലേയെന്ന് അവർ ശങ്കിച്ചു. രാഷ്ട്രതാല്പര്യങ്ങൾക്ക് വിരുദ്ധവും പക്ഷപാതപരവുമായ വാർത്തകളും തീവ്രവാദികളുടെ വാദമുഖങ്ങൾക്ക് അനുകൂലമായി പശ്ചാത്തലമൊരുക്കുന്ന അവലോകനങ്ങളും സർക്കാരിൻെറയും പ്രതിപക്ഷത്തിൻേറയും നിലപാടുകളെ സമംസമമായി കാണുന്ന കാഴ്ചപ്പാടുകളുമൊക്കെ താച്ചർ അംഗീകരിച്ചില്ല. ഈ വിയോജിപ്പ് കഠിനമായ സംഘർഷത്തിലാണവസാനിച്ചത്.

പതിമ്മൂന്നു കൊല്ലം ബിബിസിയുടെ രാഷ്ട്രീയലേഖകനായി സേവനം നടത്തി, അതിൻെറ അകവും പുറവും നന്നായി കണ്ടറിഞ്ഞ ആളാണ് മൈക്കൽ കോക്കറൽ. യഥാർഥസംഭവ പരമ്പരകൾ കോർത്തിണക്കി, വസ്തുതകളും യാഥാർഥ്യങ്ങളും അനാവരണം ചെയ്യുന്ന അദ്ദേഹത്തിൻെറ പുസ്തകം ബിബിസി ടെലിവിഷനെ അടുത്തറിയാൻ ആഗ്രഹിക്കുന്നവർ ഒരാവൃത്തിയെങ്കിലും വായിക്കേണ്ടതാണ്.*

'പാർലമെൻറുകളുടെ മാതാവ്'— എന്ന് ബ്രിട്ടീഷ് പാർലമെൻറിനെ വിശേഷിപ്പിക്കാറുണ്ടല്ലോ. അതുപോലെ അവിടത്തെ 'ടെലിവിഷനെ ടെലി 'വിഷൻെറ വളർത്തമ്മ'യെന്നു പറയുന്നതിൽ തെറ്റില്ല.

ഇവിടെ ഒരു യാഥാർഥ്യം വിസ്മരിച്ചുകൂടാ. അമേരിക്കയിലെ ടെലിവിഷൻെറ സ്വാഗതാർഹമല്ലാത്ത സ്വാധീനം ഇംഗ്ലണ്ടിലും വ്യാപകമാണ്. ആദ്യമാദ്യം അതിന്നെതിരായി അവിടെയുള്ളവർ ആവുന്നത്ര പ്രതിരോധിച്ചുനോക്കി. പക്ഷേ, കാര്യമായ വിജയമുണ്ടാ

കോലായി, ലമ്മ യെരിച്ചുകാതോർക്കുന്ന
കണ്ണുകളെൻെറയെന്നെങ്കിലുമെത്തുന്ന വാക്കിനായ്.
മുഖംകുനിച്ചിങ്ങനെ നില്ക്കുന്ന കുന്നുകൾ
പണ്ടു,മെനിക്കേറെ നല്കിയ നന്മകൾ
പക്ഷികളായി പ്പറന്നെനിക്കുത്സവ
ക്കുളിരുകൾ തന്ന ധനുമാസമേടുകൾ.
ഋതുക്കളോരോന്നും മറന്നുപോകുമ്പോഴു
മിറുത്തു നീ വെക്കുന്ന സാന്ധ്യസുഗന്ധങ്ങൾ
നിറച്ചു ഞാനിന്നും പ്രിയപ്പെട്ട വാക്കുകൾ
നിറഞ്ഞുതുളുമ്പുന്ന ഏകാന്തതകളിൽ.
ഭൂമിയെനിക്കു നിറകണ്ണാലൊപ്പിട്ടു
നീട്ടിയ ഒരുവരിക്കനിവിൻെറ യർത്ഥമോഹങ്ങളിൽ
മഹാകാലമനസ്സുകളിനിയും ത്രസിക്കുന്ന
പാവുകൾ കൊണ്ടു നെയ്യുന്ന ജീവിതം
ഏതോ തിരിച്ചറിവിൻെറ മുഹൂർത്തത്തി
ലെന്നെയുണർത്തുന്ന ദിവ്യസംഗീതമായ്
ഈ വഴിച്ചോലയും കല്ലും ചെടികളും പൂക്കുന്ന
സ്നേഹമരങ്ങളും തോടും പകയോടെ
പായുന്ന കൂടെ നടന്നവർ മാന്തിമുറിച്ചു
ചിന്നംവിളിപ്പവർ താനേ മറന്നവർ.

നാല്

യാത്രയൊരുന്മാദ നിദ്രാടനം, കാഴ്ച
വായിച്ചു തീർക്കുന്ന ദൈവലിഖിതങ്ങളിൽ
കാലങ്ങളോരോന്നു പോയ്മറയും വഴി
യോരത്തു പായുന്ന ജീവിതാക്ഷങ്ങളിൽ
നോക്കിയിരുന്നും നടന്നും സുഖസ്പർശ
മാർന്നും കരുതുന്നു നാളെയുടെ നിനവുകൾ
തേനറകൾ, നീറുന്നൊരുള്ളറയി ലൂറുന്ന
വാക്കറയി,ലുണ്മയുടെ ജാലകപ്പഴുത–
ടച്ചേതുധ്യാനത്തിന്നഗാധാർദ്രധന്യത
യെന്നെ യീഭൂമിയുടെ പുത്രനാക്കുമ്പോൾ

അമ്മ, നീ ഹൃദയരക്തത്താലെന്നകം പേജി
ലൊരു നാരായമുനകൊണ്ടു കോറിയ വാക്കിൻെറ
പൊരുളു ഞാനറിയാതെ ജന്മഹോമം ചെയ്തു
കരളുകൊണ്ടുള്ളിലെ യീറക്കുഴലുവായിക്കുന്നു.

യില്ലെന്നു മാത്രമല്ല, പിന്നൊരിക്കലും പ്രതിഷേധിക്കാനാവാത്തവിധം ശക്തിക്ഷയമംഗീകരിക്കേണ്ടിയും വന്നു. അമേരിക്കൻ കാറ്റിൽപ്പെട്ട് ഇംഗ്ലണ്ടിനെ ടെലിവിഷനെന്ന മഹാവൃക്ഷം ഇന്ന് ഉലഞ്ഞു വളഞ്ഞുനിൽക്കുകയാണ്. ബ്രിട്ടീഷുകാരിൽ ബഹുഭൂരിപക്ഷത്തിനും ഇതിൽ അമർഷവും ഖേദവുമുണ്ട്. പക്ഷേ, എന്തു ചെയ്യാനൊക്കും? അവർക്കു മാത്രമല്ല, ലോകത്തിലെ മറ്റു രാജ്യങ്ങളിലെ ജനങ്ങൾക്കും ടെലവിഷനിൽ മാത്രമല്ല, മറ്റു പല രംഗങ്ങളിലും അമേരിക്കൻ പ്രാഭവം തടയാനാവാത്തശക്തിയായി ഭവിച്ചിരിക്കുകയാണ്. ഇതുതന്നെയല്ലേ നമ്മുടെയും അനുഭവം? ഐക്യനാടുകളിലെ വിവേകവും വിവരവുമുള്ളവർക്കുതന്നെ മടുത്തിരിക്കുന്നു അവിടത്തെ ടെലിവിഷനെ. ●

* live from Number 10 by Michael Cockrell (1988-Faber)